**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1222** **12-02-2025 - ൽ മറുപടിയ്ക്ക്**

**വടയാർ-ചന്തപ്പാലം-മുളക്കുളം റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം, കടുത്തുരുത്തി മണ്ഡലങ്ങളിലൂടെ കടന്ന് പോകുന്ന വടയാർ-ചന്ദ്രപ്പാലം-മുളക്കുളം റോഡിന്റെ നിർമ്മാണ കരാർ റദ്ദാക്കിയതിനുശേഷം പുതിയ ടെൻഡർ നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | നിലവിലുള്ള ടെണ്ടർ റദ്ദാക്കിയ ശേഷമുള്ള പുതിയ ടെണ്ടർ നടപടികളുടെ ഭാഗമായി 23.01.2025, 24.01.2025 എന്നീ തീയതികളിൽ DPR Consultant പ്രതിനിധികൾ സൈറ്റ് പരിശോധന നടത്തുകയും DPR തയ്യാറാക്കുന്ന പ്രവൃത്തികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. DPR തയ്യാറാക്കി KfW German ബാങ്കിന്റെ അനുമതി ലഭ്യമാക്കിയശേഷം RKI യുടെ അനുമതി വാങ്ങി ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. |
| (ബി) | നിലവിൽ ആകെയുള്ള പ്രവൃത്തിയുടെ എത്ര ശതമാനം പൂർത്തിയായിയെന്നും ശേഷിക്കുന്ന പ്രവൃത്തിയ്ക്ക് ആവശ്യമായ തുക കണക്കാക്കിയിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) | പ്രവൃത്തി ടെർമിനേറ്റ് ചെയ്തപ്പോൾ 29.5 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. നേരത്തെയുള്ള DPR അനുസരിച്ച് ഇനി 92.05 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തികരിക്കേണ്ടതുണ്ട്. Revised DPR പൂർത്തിയായതിനുശേഷം മാത്രമേ പ്രവൃത്തി പൂർത്തികരിക്കാനുള്ള കൃത്യമായ തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. DPR അനുമതി ലഭിച്ചശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ മൂന്ന് മാസവും അതിനുശേഷം പ്രവൃത്തി പൂർത്തിയാക്കുവാൻ 15 മാസം സമയവുമാണ് സാധാരണ നിലയിൽ ആവശ്യമായി വരിക. |
| (സി) | റീ-ടെൻഡർ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | പ്രവൃത്തി ടെർമിനേറ്റ് ചെയ്തപ്പോൾ 29.5 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. നേരത്തെയുള്ള DPR അനുസരിച്ച് ഇനി 92.05 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തികരിക്കേണ്ടതുണ്ട്. Revised DPR പൂർത്തിയായതിനുശേഷം മാത്രമേ പ്രവൃത്തി പൂർത്തികരിക്കാനുള്ള കൃത്യമായ തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ